**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 458

02.12.2014-ലെ മറുപടിയ്ക്ക്

**കൺസ്യൂമർഫെഡ് നന്മ, നീതി, ത്രിവേണി സ്റ്റോറുകളുടെ തകർച്ച**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.സുധാകരൻ<br>,, ബി.ഡി.ദേവസ്സി<br>,, റ്റി.വി.രാജേഷ്<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡ്, നന്മ, നീതി, ത്രിവേണി സ്റ്റോറുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സാധിക്കുന്നില്ല എന്ന പരാതി വിലയിരുത്തിയിട്ടുണ്ടോ;<br>(ബി) ഇത്തരം സ്ഥാപനങ്ങളെ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡ് നന്മ, നീതി, ത്രിവേണി സ്റ്റോറുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. |

| | |
|---|---|
| (സി) മുൻകാലങ്ങളിൽ പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് മുഖ്യപങ്ക് വഹിച്ചിരുന്ന ഇത്തരം സ്ഥാപനങ്ങൾ തകർച്ചയിലേക്ക് നീങ്ങിയെങ്കിൽ ആയത് ഗുരുതര അനാസ്ഥയും കെടുകാര്യസ്ഥതയും മൂലമാണെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) മുൻകാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവകാല വിപണന മേളകൾ, നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവയിലൂടെയാണ് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് നടപടികൾ സ്വീകരിച്ചു വന്നിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ 869 ഉം സഹകരണ സംഘങ്ങൾ മുഖാന്തിരം 1085 ഉം നന്മ സ്റ്റോറുകൾ ആരംഭിച്ചു പ്രവർത്തിച്ചു വരുന്നതും, ആയവയിലൂടെ വർഷം മുഴുവനും പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കി വരുന്നതുമാണ്. കൂടാതെ സഞ്ചരിക്കുന്ന ത്രിവേണികൾ, ഫ്ലോട്ടിംഗ് ത്രിവേണികൾ എന്നിവയും ഈ സർക്കാരിന്റെ കാലത്ത് കൂടുതലായി ആരംഭിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ ഗുരുതരമായ അനാസ്ഥയും കെടുകാര്യസ്ഥതയും മൂലം തകർച്ചയിലേക്ക് നീങ്ങിയെന്ന ആക്ഷേപത്തിൽ അടിസ്ഥാനമില്ല. |

സെക്ഷൻ ഓഫീസർ